പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 181

# 2019-ലെ കേരള പാർക്കിംഗ് റഗുലേറ്ററി അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. പാറക്കൽ അബ്ദുല്ല, എം. എൽ. എ. നോട്ടീസ് നൽകിയത്)

188/2019.

# 2019-ലെ കേരള പാർക്കിംഗ് റഗുലേറ്ററി അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. പാറക്കൽ അബ്ദുല്ല, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന നഗരവൽക്കരണത്തിന്റെയും ട്രാഫിക് കുരുക്കുകളുടെയും സാഹചര്യത്തിൽ നിരത്തുകളിലും റോഡുവക്കുകളിലുമുള്ള അശാസ്ത്രീയമായ പാർക്കിംഗ് ക്രമപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഒരു പാർക്കിംഗ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനു വേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന നഗരവൽക്കരണത്തിന്റെയും ട്രാഫിക് കുരുക്കുകളുടെയും സാഹചര്യത്തിൽ പല ട്രാഫിക് കുരുക്കുകൾക്കും മൂലകാരണമായി മാറാറുള്ള അശാസ്ത്രീയവും അനധികൃതവുമായ വാഹന പാർക്കിംഗ് ക്രമപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഒരു പാർക്കിംഗ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, പ്രാരംഭവും വ്യാപ്തിയും .—(1) ഈ ആക്റ്റിന് "2019-ലെ കേരള പാർക്കിംഗ് റഗുലേറ്ററി അതോറിറ്റി രൂപീകരണ ആക്റ്റ് " എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ, ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അതോറിറ്റി" എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിച്ച പാർക്കിംഗ് റഗുലേറ്ററി അതോറിറ്റി എന്നർത്ഥമാകുന്നു;

(ബി) "ചെയർമാൻ/ചെയർപേഴ്സൺ" എന്നാൽ കേരള പാർക്കിംഗ് റഗുലേറ്ററി അതോറിറ്റി ചെയർമാൻ/ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "അംഗം" എന്നാൽ അതോറിറ്റിയിലെ ഒരംഗം എന്നർത്ഥമാകുന്നു. അതിൽ ചെയർമാൻ/ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ഇ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) " സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(2) ഈ ആക്റ്റിൻ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്തെ ഗതാഗതവുമായോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട വിവിധ നിയമങ്ങളിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും അവയ്ക്ക് ആ ആക്റ്റിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## അതോറിറ്റിയുടെ രൂപീകരണം

3. അതോറിറ്റിയുടെ രൂപീകരണം.—(1) സർക്കാർ, വിജ്ഞാപനം വഴി ഈ ആക്റ്റ് നിലവിൽ വന്ന തീയതി മുതൽ ഒരു വർഷത്തിനകം ഈ ആക്റ്റിൻ കീഴിലുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനായി കേരള പാർക്കിംഗ് റഗുലേറ്ററി അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട അതോറിറ്റി ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി കരാറുകളിൽ ഏർപ്പെടുന്നതിനും സ്ഥാവരജംഗമ സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈയൊഴിയുന്നതിനുമുള്ള അധികാരത്തോടു കൂടിയതുമായ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. അതോറിറ്റിയുടെ ഘടന.—(1) അതോറിറ്റിയിൽ സംസ്ഥാനതലത്തിൽ ചെയർമാൻ ഉൾപ്പെടെ ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(2) അതോറിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കുന്നതാണ്:

(i) തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി;

(ii) സംസ്ഥാന ഗതാഗത വകുപ്പ് ഡയറക്ടർ;

(iii) സംസ്ഥാന ട്രാഫിക് വിഭാഗം മേധാവി;

(iv) ട്രാഫിക് കൺട്രോൾ സിസ്റ്റം മാനേജ്മെന്റ് മേഖലയിൽ നിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ;

(v) ഈ രംഗത്ത് ഗവേഷണം നടത്തിയിട്ടുള്ളതോ മറ്റു തലത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളതോ ആയ വ്യക്തികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(vi) വിവരസാങ്കേതിക വിദ്യാരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള വ്യക്തികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ.

(3) അതോറിറ്റിക്ക് ആവശ്യമുള്ളപ്പോഴെല്ലാം,—

(എ) നയപരമായ തീരുമാനമെടുക്കുന്നതിന് അതോറിറ്റിയെ സഹായിക്കുന്നതിനായി എഞ്ചിനീയറിംഗ്, ഐ. ടി. ഗതാഗതം, നിയമം, സാമ്പത്തികം, വാണിജ്യം, ധനം, മാനേജ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കഴിവു തെളിയിച്ചതോ പരിചയസമ്പത്തോ മതിയായ അറിവോ ഉള്ള വിദഗ്ദ്ധരിൽ നിന്നും;

(ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ നിന്നും;

പ്രത്യേക ക്ഷണിതാക്കളെ ക്ഷണിക്കാവുന്നതാണ്.

(4) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങളിൽ നിന്നും ഒരാളെ ചെയർപേഴ്സണായി സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

5. <u>സെലക്ഷൻ കമ്മിറ്റി</u>.—(1) അതോറിറ്റിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്ന ആവശ്യത്തിലേയ്ക്കായി,—

(എ) സംസ്ഥാനത്തെ ചീഫ് സെക്രട്ടറി—എക്സ്-ഒഫീഷ്യോ ചെയർപേഴ്സൺ;

(ബി) ആഭ്യന്തര വകുപ്പ് സെക്രട്ടറി—എക്സ്-ഒഫീഷ്യോ അംഗം;

(സി) പൊതുഭരണ വകുപ്പു സെക്രട്ടറി—കൺവീനർ;

എന്നിവരടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയെ സർക്കാർ വിജ്ഞാപനംമൂലം രൂപീകരിക്കേണ്ടതാണ്.

(2) ഉപവകുപ്പ് (1) പ്രകാരം രൂപീകരിക്കപ്പെടുന്ന സെലക്ഷൻ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി തയ്യാറാക്കുന്ന മുൻഗണനാ ലിസ്റ്റുകളിൽ നിന്നും അതോറിറ്റി അംഗങ്ങളെ സർക്കാർ നിയമിക്കേണ്ടതാണ്.

(3) ഉപവകുപ്പ് (2) പ്രകാരം നിയമിതരാകുന്ന അംഗങ്ങളുടെ മരണമോ, രാജിയോ പുറത്താകലോ കാരണം ഉണ്ടാകുന്ന ഏതെങ്കിലും ഒഴിവ് ആ തീയതി മുതൽ ഒരു മാസത്തിനകവും അംഗത്തിന്റെ വിരമിക്കലിന്റെ അല്ലെങ്കിൽ കാലാവധി അവസാനിക്കുന്നതിന്റെ ആറുമാസം മുൻപും സെലക്ഷനുവേണ്ടി സെലക്ഷൻ കമ്മിറ്റിക്ക് അറിയിപ്പ് നൽകേണ്ടതാണ്.

(4) സെലക്ഷൻ കമ്മിറ്റി, അതിന് അറിയിപ്പ് കിട്ടിയ തീയതി മുതൽ ഒരു മാസത്തിനകം അംഗങ്ങളുടെ സെലക്ഷൻ പൂർത്തിയാക്കേണ്ടതാണ്.

(5) സെലക്ഷൻ കമ്മിറ്റി അതിന് റഫർ ചെയ്ത ഓരോ ഒഴിവിനുവേണ്ടിയും രണ്ടു പേരുകളുള്ള ഒരു പാനൽ ശുപാർശ ചെയ്യേണ്ടതാണ്.

(6) അംഗമായി നിയമിക്കുന്നതിന് വേണ്ടി ആരെയെങ്കിലും ശുപാർശ ചെയ്യുന്നതിന് മുൻപ് അംഗമെന്ന നിലയിൽ അയാളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചേക്കാവുന്ന എന്തെങ്കിലും സാമ്പത്തികമോ മറ്റേതെങ്കിലും താൽപ്പര്യമോ ഇയാൾക്ക് ഇല്ലായെന്ന് സെലക്ഷൻ കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

(7) സെലക്ഷൻ കമ്മിറ്റിയിൽ എന്തെങ്കിലും ഒഴിവുണ്ടെന്ന കാരണത്താൽ മാത്രം അതോറിറ്റിയിലെ അംഗങ്ങളുടെ നിയമനം അസാധുവാക്കുന്നതല്ല.

6. ഉദ്യോഗ കാലാവധി.—അതോറിറ്റിയുടെ ചെയർപേഴ്സണിന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി അഞ്ച് വർഷമോ അറുപത്തിയഞ്ച് വയസ്സുവരെയോ, സർക്കാർ ജീവനക്കാരനാണെങ്കിൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ആയിരിക്കും.

7. ജില്ലാസമിതി.—(1) അതോറിറ്റി ജില്ലാ തലത്തിൽ സമിതികൾ രൂപീകരിക്കേണ്ടതാണ്.

(2) സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

(i) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്—ചെയർമാൻ ;

(ii) ജില്ലാ കളക്ടർ—കൺവീനർ ;

(iii) ജില്ലാ പഞ്ചായത്ത് സെക്രട്ടറി—അംഗം ;

(iv) കോർപ്പറേഷൻ/മുനിസിപ്പാലിറ്റി സെക്രട്ടറിമാർ—അംഗങ്ങൾ ;

(v) തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ;

(vi) ജില്ലാ പോലീസ് മേധാവി.

8. അംഗങ്ങളുടെ സേവന വേതന വ്യവസ്ഥകൾ.—(1) അതോറിറ്റിയുടെ ചെയർപേഴ്സണും അംഗങ്ങൾക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ശമ്പളവും ബത്തകളും നൽകേണ്ടതാണ്.

(2) അതോറിറ്റിയുടെ ചെയർപേഴ്സണും അംഗങ്ങൾക്കും സ്വന്തം കൈപ്പടയിൽ എഴുതി സർക്കാരിനെ അഭിസംബോധന ചെയ്യുന്ന മൂന്ന് മാസത്തിൽ കുറയാത്ത ഒരു നോട്ടീസ് നൽകിയശേഷം ഏതുസമയത്തും അയാളുടെ ഉദ്യോഗം രാജി വയ്ക്കാവുന്നതാണ്.

(3) 9-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അയോഗ്യനാക്കപ്പെടുന്ന ചെയർപേഴ്സണും അംഗങ്ങൾക്കും അയാളുടെ അങ്ങനെയുള്ള ഔദ്യോഗിക കാലാവധി അവസാനിക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലത്തേക്ക് സർക്കാരിനുകീഴിൽ ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നതിന് യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

9. <u>അതോറിറ്റിയിലെ അംഗത്വത്തിനുള്ള അയോഗ്യതകൾ.</u>—(1) ഒരാൾ

(എ) സ്ഥിരബുദ്ധിയില്ലാത്ത ആളായിരിക്കുകയും അങ്ങനെയാണെന്ന് ക്ഷമതയുള്ള ഒരു കോടതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ മാനസികമോ ശാരീരികമോ ആയ വൈകല്യംമൂലം അത്തരത്തിൽ തുടരുന്നതിന് കഴിവില്ലാതായിത്തീരുകയോ ചെയ്തിട്ടുണ്ടെങ്കിൽ; അല്ലെങ്കിൽ,

(ബി) അവിമുക്ത നിർദ്ധനനായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ; അല്ലെങ്കിൽ,

(സി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗിക ദൂഷ്യമോ അല്ലെങ്കിൽ സാമ്പത്തിക ക്രമക്കേടുകളോ ഉൾപ്പെടുന്ന ഒരു കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളാണെങ്കിൽ; അല്ലെങ്കിൽ,

(ഡി) പൊതു ജനഹിതത്തിനെതിരായി തൽസ്ഥാനത്ത് തുടരുന്നതിനു വേണ്ടിയോ, സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിനുവേണ്ടിയോ തന്റെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തിയതായി സംശയാതീതമായി തെളിയിക്കപ്പെടുകയാണെങ്കിൽ;

അയാൾ അതോറിറ്റിയുടെ അംഗമായോ ചെയർപേഴ്സണായോ നിയമിക്കപ്പെടുന്നതിനോ തുടരുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അയോഗ്യനാക്കപ്പെടുന്ന ചെയർപേഴ്സണേയോ അംഗത്തിനേയോ ഉടൻ തന്നെ സർക്കാർ ഉത്തരവ് മുഖേന തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്.

10. <u>ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള അധികാരം.</u>—അതോറിറ്റിക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, അതിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഒരു സെക്രട്ടറിയെയും അതിന് ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള ജീവനക്കാരെയും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്.

11. <u>അതോറിറ്റിയുടെ സിറ്റിംഗ്.</u>—(1)ചെയർപേഴ്സൺ തീരുമാനിക്കുന്ന അങ്ങനെയുള്ള സമയങ്ങളിലും അങ്ങനെയുള്ള സ്ഥലത്തും അതോറിറ്റി സിറ്റിംഗ് നടത്തേണ്ടതാണ്.

(2) അതോറിറ്റി വർഷത്തിൽ കുറഞ്ഞത് രണ്ടുതവണയെങ്കിലും സിറ്റിംഗ് നടത്തിയിരിക്കേണ്ടതാണ്.

(3) അതോറിറ്റിയുടെ സിറ്റിംഗിനുവേണ്ട ക്വാറം ചെയർപേഴ്സൺ ഉൾപ്പെടെ മൂന്ന് ആയിരിക്കുന്നതാണ്.

(4) അതോറിറ്റിയുടെ ഒരു സിറ്റിംഗിന് ചെയർപേഴ്സണിന് പങ്കെടുക്കാൻ കഴിയാതെ വന്നാൽ ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന മറ്റൊരംഗമോ ഹാജരായ അംഗങ്ങൾ അവരിൽനിന്ന് തെരഞ്ഞെടുക്കുന്ന ഏതെങ്കിലും ഒരംഗമോ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(5) അതോറിറ്റിയുടെ എല്ലാ തീരുമാനങ്ങളും ഭൂരിപക്ഷാടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്.

## അദ്ധ്യായം-III

## അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും

12. അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും.—(1) അതോറിറ്റിക്ക് ഇനിപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ് അതായത്:—

(i) സംസ്ഥാനത്തെ തിരക്കേറിയതും പാർക്കിംഗ് സൗകര്യങ്ങൾ അനിവാര്യമായതുമായ കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കൽ.

(ii) പട്ടിക പ്രകാരമുള്ള കേന്ദ്രങ്ങളിൽ പാർക്കിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യവും സൗകര്യപ്രദവുമായ സ്ഥലം കണ്ടെത്തി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ശുപാർശ ചെയ്യൽ.

(iii) നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്) പോലുള്ള ഏജൻസികളുമായി സഹകരിച്ചുകൊണ്ട് ശാസ്ത്രീയമായ പാർക്കിംഗ് രൂപരേഖ തയ്യാറാക്കൽ.

(iv) മൾട്ടിലെവൽ പാർക്കിംഗ് പോലുള്ള അത്യാധുനിക പാർക്കിംഗ് സംവിധാനങ്ങളെപ്പറ്റി പഠനം നടത്തി ഓരോ കേന്ദ്രങ്ങൾക്കും യോജിച്ചവ കണ്ടെത്തി അവ സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ശുപാർശ ചെയ്യൽ.

(v) നഗര-ഗ്രാമപ്രദേശങ്ങളിലെ കേന്ദ്രങ്ങൾ പ്രത്യേകം തരം തിരിച്ച് ഓരോ കേന്ദ്രത്തിലെയും ഭൂപ്രകൃതിക്കും പാരമ്പര്യത്തിനും മറ്റു പ്രത്യേകതകൾക്കും അനുസൃതമായ പാർക്കിംഗ് സംവിധാനങ്ങൾ കണ്ടെത്തി ശുപാർശ ചെയ്യൽ.

(vi) ഓരോ കേന്ദ്രങ്ങളിലും വന്നു പോകുന്ന ഇരുചക്ര വാഹനങ്ങളുടെയും ഹെവി വാഹനങ്ങളുടെയും മറ്റു തരത്തിലുള്ള വാഹനങ്ങളുടെയും എണ്ണം സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുകയും കാലാകാലങ്ങളിൽ കാലികമാക്കുകയും ചെയ്യുക.

(vii) വാഹനങ്ങളുടെ തരത്തിനും എണ്ണത്തിനും അനുയോജ്യമാംവണ്ണമുള്ള പാർക്കിംഗ് സംവിധാനത്തിനായി ശുപാർശ ചെയ്യുക.

(viii) ഓട്ടോറിക്ഷകളും ടാക്സി കാറുകളും ഉൾപ്പെടെയുള്ള അംഗീകൃത യാത്രാ വാഹനങ്ങളുടെയും ചരക്ക് വാഹനങ്ങളുടെയും സ്റ്റാൻഡുകൾ സ്ഥിതി ചെയ്യുന്ന കേന്ദ്രങ്ങളിൽ പ്രസ്തുത വാഹനങ്ങൾക്കും മറ്റു സ്വകാര്യ വാഹനങ്ങൾക്കും പാർക്കിംഗ് മാനദണ്ഡങ്ങൾ നിശ്ചയിക്കുക.

(ix) ആർ.ടി.ഒ-കളിൽ ഓരോ വർഷവും അധികമായി രജിസ്റ്റർ ചെയ്യപ്പെടുന്ന പുതിയ വഹനങ്ങളുടെ തരത്തിനും എണ്ണത്തിനും ആനുപാതികമായി പാർക്കിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശുപാർശകൾ നൽകുക.

(x) ആരോഗ്യപരമായ പാർക്കിംഗ് മര്യാദകൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

(xi) ട്രാഫിക്കും പാർക്കിംഗും സംബന്ധിച്ച വിഷയങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പ്, പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവയെ ഏകോപിപ്പിക്കൽ.

(xii) ഓണം, ന്യൂ ഇയർ, ക്രിസ്മസ് തുടങ്ങിയവ പോലുള്ള ആഘോഷവേള കളിൽ ക്രമത്തിലധികം തിരക്കനുഭവപ്പെടുന്ന കേന്ദ്രങ്ങളിൽ പ്രത്യേക പാർക്കിംഗ് സംവിധാനങ്ങളൊരുക്കൽ.

(xiii) നാറ്റ്പാക്ക് കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകൾ പോലെയുള്ള അതീവ അപകട മേഖലകൾ കണ്ടെത്തി അവിടങ്ങളിലെ പാർക്കിംഗിന് നിരോധനം ഏർപ്പെടുത്തൽ.

(xiv) നടപ്പാതകളിലെ അനധികൃത പാർക്കിംഗ് തടയുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ.

(xv) ദിവസങ്ങളോളം അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്തു പോകുന്ന വാഹനമുടമകൾക്കെതിരെ നടപടി ശുപാർശ ചെയ്യൽ.

(xvi) പാർക്കിംഗ് കേന്ദ്രങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി നിരീക്ഷണ ക്യാമറകൾ പോലുള്ള അത്യാധുനിക സങ്കേതങ്ങൾ സ്ഥാപിക്കൽ.

(xvii) റോഡുവക്കുകളിലെ അനധികൃത പാർക്കിംഗിന് നിയന്ത്രണ മേർപ്പെടുത്തൽ.

(xviii) തീയേറ്ററുകൾ, ആശുപത്രികൾ, മറ്റു വാണിജ്യസ്ഥാപനങ്ങൾ തുടങ്ങിയവയുടെ പാർക്കിംഗ് ഏരിയകളിൽ ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ നിർണ്ണയിക്കൽ.

(xix) ഓരോ കേന്ദ്രത്തിലെയും പാർക്കിംഗ് ഫീസ് ഏകീകരിക്കൽ.

(xx) സ്വന്തമായി പാർക്കിംഗ് ഏരിയ ഇല്ലാത്ത കച്ചവട സ്ഥാപനങ്ങളിൽ നിന്നും അവയുടെ നിലവാരത്തിനനുസരിച്ച് തരം തിരിച്ച് ഫീസ് ഏർപ്പെടുത്തൽ.

(xxi) അനധികൃത സ്വകാര്യ പാർക്കിംഗ് കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കൽ.

(2) അതോറിറ്റി അതിന്റെ പ്രവർത്തനങ്ങൾ ജില്ലാ സമിതികൾ മുഖേന നടപ്പാക്കേണ്ടതാണ്.

(3) ജില്ലാ സമിതികൾ തങ്ങളുടെ അധികാര പരിധിക്കുള്ളിൽ നടപ്പാക്കേണ്ടുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

(4) ജില്ലാ സമിതികൾക്ക് ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരോട് പാർക്കിംഗ് സംബന്ധമായ വിഷയങ്ങളിൽ റിപ്പോർട്ടുകൾ ആവശ്യപ്പെടാവുന്നതും ശുപാർശകൾ നൽകാവുന്നതുമാണ്.

## അദ്ധ്യായം IV

## അതോറിറ്റിക്കുള്ള ഗ്രാന്റുകളും അഡ്വാൻസുകളും

13. അതോറിറ്റിക്കുള്ള ഗ്രാന്റുകളും അഡ്വാൻസുകളും.—അതോറിറ്റിയുടെ ദൈനംദിന ചെലവുകൾക്കും മറ്റു പ്രവർത്തനങ്ങൾക്കും ആവശ്യമായ അങ്ങനെയുള്ള ഗ്രാന്റുകളും അഡ്വാൻസുകളും നിയമസഭ പാസ്സാക്കുന്ന ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് നൽകാവുന്നതാണ്.

14. അതോറിറ്റിയുടെ വരുമാനം.—അതോറിറ്റിക്ക് പാർക്കിംഗ് ഫീ ഇനത്തിലും സർക്കാർ അനുമതിയോടുകൂടി മറ്റ് തരത്തിലും നേടുന്ന വരുമാനം അതിലേക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അക്കൗണ്ട് ഹെഡ്ഡുകളിലേക്ക് യഥാസമയം അടയ്ക്കേണ്ടതാണ്.

15. അതോറിറ്റിയുടെ അക്കൗണ്ടുകൾ.—അതോറിറ്റി ശരിയായ അക്കൗണ്ടുകളും മറ്റ് പ്രസക്തമായ രേഖകളും സൂക്ഷിച്ചു പോരേണ്ടതും അക്കൗണ്ടുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും നൽകേണ്ടതുമാണ്.

16. അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട്.—(1) അതോറിറ്റി ഓരോ വർഷവും അതിന്റെ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അങ്ങനെയുള്ള തീയതിയിലോ അതിനു മുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ് സർക്കാരിന് അത് ലഭിച്ചതിനുശേഷം ആറുമാസത്തിനകം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## അദ്ധ്യായം V

## പലവക

17. സർക്കാരിന്റെ പൊതു അധികാരങ്ങൾ.—സർക്കാരിന് പൊതുവായ ആസൂത്രണവും ഏകോപനവും ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പാർക്കിംഗുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അതോറിറ്റിക്ക് നയപരമായ നിർദ്ദേശങ്ങൾ നൽകുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന് അവ നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നു തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ഉത്തരവുമൂലം ചെയ്യാവുന്നതുമാണ്.

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതിമുതൽ രണ്ടു വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

19. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി സർക്കാരിന് വിജ്ഞാപനംമൂലം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം അടുത്ത നിയമസഭാ സമ്മേളനത്തിൽ വയ്ക്കേണ്ടതും നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയാണെങ്കിൽ രൂപഭേദം വരുത്തിയ രൂപത്തിലും ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയാണെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയും ചെയ്യുന്നതാകുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന നഗരവൽക്കരണത്തിന്റെയും ദിനം പ്രതിയെന്നോണം വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെയും സാഹചര്യത്തിൽ ട്രാഫിക്ക് കുരുക്കുകളും അതുമൂലമുണ്ടാക്കുന്ന ഇന്ധന നഷ്ടവും സമയനഷ്ടവും മുതൽ മാനവ വിഭവശേഷി നഷ്ടം വരെ നമ്മുടെ നാടിനെ പിന്നോട്ടടിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം ട്രാഫിക് കുരുക്കുകൾക്ക് ഒരു പ്രധാന കാരണമായിത്തീരാറുള്ള അശാസ്ത്രീയമായ പാർക്കിംഗിന് ഒരറുതി വരുത്തേണ്ടത് ചുമതലാബോധമുള്ള ഒരു സർക്കാരിന്റെ കർത്തവ്യമാണ്. പാർക്കിംഗ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ശാസ്ത്രീയ മാർഗങ്ങളുടെയും അത്യാധുനിക മെഷിനറികളുടെയും വിവര സാങ്കേതികവിദ്യയുടെയും സാങ്കേതങ്ങൾ സംയോജിപ്പിച്ചുകൊണ്ട് നിയമത്തിന്റെ ചട്ടക്കൂടിലൂടെ നടപ്പിലാക്കേണ്ടതുണ്ട്. ഇതിലേക്കായി വിവിധ വകുപ്പുകളുടെ ഏകോപനവും ശാസ്ത്രീയ പഠനവും ജനങ്ങൾക്കിടയിലെ ബോധവൽക്കരണവുമൊക്കെ നടപ്പാക്കേണ്ടത് അനിവാര്യമായിരിക്കുന്നതിനാൽ, ആയതിലേക്ക് ഒരു അതോറിറ്റി രൂപീകരിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം അതോറിറ്റിയുടെ രൂപീകരണത്തിനും അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളം, മറ്റ് അലവൻസുകൾ, അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ചെലവുകൾ എന്നിവ സംസ്ഥാന ഗവൺമെന്റ് നൽകേണ്ടതുണ്ട്. അതോറിറ്റി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്കും മറ്റും ആവശ്യമായി വരുന്ന ചെലവുകൾ പദ്ധതികൾ രൂപീകരിച്ചു കഴിഞ്ഞാൽ മാത്രമേ കണക്കുകൂട്ടാൻ കഴിയൂ. എന്നിരുന്നാലും പദ്ധതികൾക്കും മറ്റ് ആവർത്തന ചെലവുകൾക്കുമായി ഏകദേശം 80 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 17, 18, 19 ഖണ്ഡങ്ങൾ കൊണ്ടുദ്ദേശിക്കുന്നു. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കേണ്ടത് അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പാറക്കൽ അബ്ദുല്ല, എം. എൽ. എ.